TB Movie Panel Weekly Review

**#MoviePanel**

കൂമൻ

എഴുതിയത് : Sudhy Sj

പ്രിയപ്പെട്ട കേരള പോലീസ്..

നിങ്ങൾക്ക് സഹാകരമായേക്കാവുന്ന രണ്ടുകാര്യങ്ങൾ എനിക്ക് പറയാൻ ഉണ്ട്.

ഒന്ന്

മിസ്റ്റർ ജിത്തു ജോസഫ് ഇല്ലെ, ആ അത് തന്നെ മോളെ കാണാൻ വന്നവനെ മമ്മിയാക്കി കുഴിച്ചിട്ട ഡാഡിടേം മമ്മിടേം പിന്നെ രണ്ടു പിഞ്ചോമനകളുടെയും കഥനകഥ പറഞ്ഞ ആ പുള്ളിതന്നെ, പുള്ളിയെ എത്രയും പെട്ടെന്ന് 24 മണിക്കൂറും നിരീക്ഷിച്ചുകൊണ്ടേ ഇരിക്കുക,

രണ്ട്

അദ്ദേഹത്തെ നിങ്ങളുടെ കേസന്വേഷണ യാത്രകളിൽ സജീവപങ്കാളിയാക്കുക. കാരണം ഇയാൾ എന്തോ അമാനുഷിക ശക്തിയും കൊണ്ടാണ് നടക്കുന്നത് എന്ന് തോന്നുന്നു. അതിനെപ്പറ്റി വഴിയേ പറയാം.

തന്റെ ആദ്യസിനിമയായ "ഡിറ്റക്റ്റീവ്" മുതൽ ഇന്ന് "കൂമൻ" വരെ ജിത്തു ജോസഫ് ക്രൈം ത്രില്ലെർ സിനിമകളുടെ ഒരു പ്രധാന element ആയി പ്രതികാരം കടന്നുവരുന്നുണ്ട്. (ദൃശ്യം ഒരു ക്രൈം ത്രില്ലെർ അല്ലെന്ന് അദ്ദേഹം ഇന്റർവ്യൂകളിൽ പറഞ്ഞിരുന്നു ) കൂമനിൽ വരുമ്പോളും ആ പ്രധാന ചേരുവയ്ക്ക് മാറ്റം വരുന്നില്ലേലും അവതരിപ്പിക്കപ്പെടുന്ന രീതികൊണ്ട് ഓരോ സീൻ കഴിയുമ്പോളും അടുത്ത സീനിൽ ഒരു ട്വിസ്റ്റ് ഒളിപ്പിച്ചുവെച്ചു പ്രേക്ഷകരെ പിടിച്ചിരുത്താൻ സിനിമക്ക് സാധിക്കുന്നു.

ചെറിയൊരു ഹൈറേഞ്ച് സ്ഥലം. അവിടെയുള്ള ഒരു സാധാ പോലിസ് സ്റ്റേഷൻ, തോക്കൊ ലാത്തിയോ ഉപയോഗിക്കേണ്ടി വരാത്ത ഒരു നാട്ടിൽ നടക്കുന്ന ചില സംഭവങ്ങളും നായകന്റെ സ്വഭാവ വിശേഷങ്ങളും കൂട്ടിയിണക്കി കഥാകൃത്ത് കൃഷ്ണകുമാർ എഴുതി ജീതു ജോസഫ് സംവിധാനം ചെയ്ത "കൂമൻ" ഗിരി എന്ന പോലീസുകാരനെ കേന്ദ്രമാക്കി ആദ്യപകുതിവികസിക്കുന്നു. ലോജിക്കലി ചില കല്ലുകടികൾ ഉയർത്തുന്ന ആദ്യപകുതിയെ വളരെ നിസാരമായി, ബ്രില്ലിയന്റായി അടുത്ത പകുതിയിൽ ചേർത്തുവെക്കുന്നുണ്ട്.

ഒരു പ്രിയദർശൻ സിനിമ പോലെയുള്ള ദൃശ്യഭംഗി നിറഞ്ഞ ഷോട്ടുകളോ, രഞ്ജിത്ത് സിനിമപോലെ പാരലൽ വേൾഡ് വാചകങ്ങളോ, അമൽ നീരദ് പോലെ സ്റ്റൈലിഷ് മേക്കിങ്ങോ ഒന്നും ജിത്തു ജോസഫ് സിനിമകളിൽ കാണില്ല. ഇവിടെ കഥയും തിരക്കഥയുമാണ് സംസാരിക്കുന്നത്. പക്ഷെ കഴിഞ്ഞ പടങ്ങളെ അപേക്ഷിച്ച് ക്യാമറ അല്പം കൂടെ ഒഴുകിനടന്ന പോലെ പല സീനുകളിലും അനുഭവപ്പെട്ടു. പ്രതേകിച്ചും ഭൂരിഭാഗം രാത്രി കാഴ്ചകൾ ആയ സിനിമയിൽ അത്തരം ക്യാമറ വർക് ത്രില്ലർ മൂഡിനു ചേർന്നുനിൽക്കുന്നതായിരുന്നു . സന്ദർഭത്തിനോട് ചേർന്നോ അതിനു മുകളിലോ നിക്കുന്ന പശ്ചാത്തല സംഗീതം എടുത്തു പറയേണ്ട ഒന്നാണ്. ത്രില്ലർ സിനിമകളിൽ അവശ്യം വേണ്ട ഭയത്തിൽ പൊതിഞ്ഞ ആകാംഷ എന്ന പ്രേക്ഷകവികാരത്തെ സിനിമയിൽ ഉടനീളം നിലനിർത്താൻ പശ്ചാത്തലസംഗീതം നല്ലരീതിയിൽ ഒരുക്കിവെച്ചിട്ടുണ്ട്.

റോഷാക്കിൽ കണ്ണുകൾ കൊണ്ട് നിറഞ്ഞാടിയ ആസിഫ് കൂമനിൽ അദേഹത്തിന്റെ career best എന്ന രീതിക്കുള്ള പെർഫോമൻസ് തന്നെയാണ് നൽകിയിരിക്കുന്നത്. സിനിമ തുടങ്ങുന്ന മുന്നേ പേർസണലി എനിക്ക് തോന്നിയിരുന്നു ആസിഫിന് പകരം മറ്റൊരാൾ ആകാമായിരുന്നു എന്ന്. പക്ഷെ അക്ഷരാർദ്ധത്തിൽ ഞെട്ടിച്ചു. സിനിമ കഴിഞ്ഞിറങ്ങുമ്പോൾ ആ റോളിൽ മറ്റൊരാളെ ചിന്തിക്കാൻ പോലും ഇടാനല്ലാതെ അദ്ദേഹം ഗിരിയായി ജീവിക്കുകയായിരുന്നു എന്ന് പറഞ്ഞാൽ ഒട്ടും അതിശയം ഇല്ല.

ജാഫർ ഇടുക്കിയേ പറ്റി പറഞ്ഞില്ലേൽ അത് അനീതിയാവും. ആക്ഷൻ ഹീറോ ബിജുവിൽ സുരാജിന്റെ സീനിന് ശേഷം തിയറ്റർ മൊത്തം ഒരു മൂകതയായിരുന്നു. സുരാജ് എന്ന കോമെഡിയനിൽ നിന്നും അയാളിലെ നടനെ ലോകം തിരിച്ചറിഞ്ഞ ആ മുഹൂർത്തം പോലെ കൂമനിൽ ജാഫർ ഇടുക്കിയുടെ ഒരു പെർഫോമൻസ്. ജീവൻ നിലനിർത്താൻ അല്പം വെള്ളം ആസിഫ് കൊടുക്കുമ്പോൾ വിറക്കുന്ന കൈകൾ കൊണ്ട് വാങ്ങിക്കുടിച്ചുകൊണ്ട് അവർ തമ്മിൽ ഉള്ള ഒരു സംഭാഷണം. ഇപ്പോളും ഓർക്കുമ്പോൾ രോമാഞ്ചമാണ്. എന്തൊരു അഭിനയമായിരുന്നു ആ ഒരു കോമ്പിനേഷൻ സീൻ. നായകനെ കാഴ്ച്ചക്കാരനാക്കി ജാഫർ നിറഞ്ഞാടിയ വളരെ വികാരഭരിതമായ രംഗം.

ബാബുരാജ് തന്റെ സ്വതസിദ്ധമായ വില്ലത്തരം റോൾ വളരെ കയ്യടക്കത്തോടെ അവതരിപ്പിച്ചു. ഭൂമിയിലെ പ്രണവായു മുഴുവൻ തനിക്കവകാശപ്പെട്ടതാണ് എന്ന ചിന്ത രഞ്ജിപണിക്കർ ഇത്തവണ അല്പം കുറച്ചിട്ടുണ്ട്. മേഘനാഥനും സപ്പോർട്ടിങ് റോളിൽ ഈ സിനിമക്ക് ഒരു മുതൽക്കൂട്ട് തന്നെയാണ്. ചുമ്മാ ഓരോ കഥാപാത്രങ്ങൾ നിരത്തിവെക്കാതെ വരുന്ന എല്ലാർക്കും ഒരു സ്പേസ് നൽകി സിനിമ ആദ്യാവസാനം വരെ പ്രേക്ഷകരെ edge of the seat അനുഭവം നൽകുന്നുണ്ട്.

ഇന്നത്തെ നമ്മുടെ ചുറ്റുപാടും നടക്കുന്ന കാര്യങ്ങളും ഈ സിനിമയും ചേർത്തുവായിച്ചാൽ പൃഥ്വിരാജിനെ പോലെ ക്ലബ് ഓഫ് ഇലുമിനാട്ടിയിൽ ജിത്തുജോസഫ് മറ്റൊരു സ്ഥിരംഗമാണോ എന്ന് സംശയിച്ചാൽ തെറ്റുപറയാനാവില്ല. അതുകൊണ്ട് കൂടിയാണ് പോലീസിനോട് അങ്ങനെ ഒരു അഭ്യർത്ഥന ആദ്യമേ വെച്ചത്.

വാൽകഷ്ണം : ഈ സിനിമ തിയറ്ററിൽ തന്നെ കാണാൻ ശ്രമികുക. പിന്നീയൊരു നഷ്ടബോധം വരാതെ നോക്കാം.